"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ശ്രീ.എ.നാസറുദ്ദീൻ ഫയൽ ചെയ്ത ഒ.എ.(ഇകെഎം)55/2019 നമ്പർ കേസിലെ 11/01/2019 ലെ വിധി നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇ.പി.ബി.) വകുപ്പ്

സ.ഉ.(സാധാ) നം.46/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 07/01/2021

പരാമർശം:- 1 ശ്രീ.എ.നാസറുദ്ദീന്റെ 26.11.2018 - ലെ അപേക്ഷ.

2 ഒ.എ.(ഇകെഎം)55/2019 നമ്പർ കേസിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റിവ് ട്രിബ്യൂണൽ 11/01/2019 ൽ പുറപ്പെടുവിച്ച വിധിന്യായം

3 പഞ്ചായത്ത് ഡയറക്ടറുടെ 22.2.2019 -ലെ എച്ച് 3-36597 /2016 നമ്പർ കത്ത്.

4 ബഹു.കേരള അഡ്മിനിസ്ട്രേറ്റിവ് ട്രിബ്യൂണലിന്റെ 18.12.2020 തീയതിയായുള്ള MA-1698/2020 in O.A 55/2019 ലെ വിധിന്യായം

ഉത്തരവ്

ദേവികുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി 30/11/2013 ൽ സേവനത്തിൽ നിന്നും വിരമിച്ച ശ്രീ.എ.നാസറുദ്ദീൻ ഫയൽ ചെയ്ത ഒ.എ.( ഇകെഎം ) 55/2019 നമ്പർ കേസിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റിവ് ട്രിബ്യൂണലിന്റെ പരാമർശം (2) ലെ വിധിന്യായം ഇപ്രകാരമായിരുന്നു.

"The OA is disposed of with a direction to the respondent to take a decision on Annexure A10 representation, within a period of 2 months after giving the applicant an opportunity for hearing".

2. ബഹു.ട്രിബ്യൂണൽ നിർദേശ പ്രകാരം 26.2.2019 ൽ അപേക്ഷകനെ നേരിൽ കേട്ടു. A 10 നിവേദനത്തിൽ വ്യക്തമായി എഴുതി നൽകിയിട്ടുണ്ടെന്നും കൂടുതലായി ഒന്നും പറയാനില്ലായെന്നും നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരവുണ്ടാകണമെന്നും നേരിൽ കേട്ട വേളയിൽ അറിയിച്ചു.

3. നിവേദനത്തിലെ ആവശ്യം ഇപ്രകാരമായിരുന്നു .

i) ബഹു ട്രിബ്യൂണലിന്റ വിവിധ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഡി.സി.ആർ ജി ഉൾപ്പെടെയുള്ള പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് നിർദേശമുണ്ടായിരുന്നു. ഈ നിർദേശം പാലിക്കുന്നതിന് ബന്ധപ്പെട്ടവരിൽ നിന്നുള്ള എൻ. എൽ സി നൽകേണ്ടതായിട്ടുണ്ട്. അത് ലഭ്യമാക്കുന്നതിനു പകരം ബാധ്യത സർട്ടിഫിക്കറ്റ് നൽകിയിരിക്കുകയാണ്.ഇത് ഒഴിവാക്കണം. പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കാൻ നിർദ്ദേശിക്കണം.

ii) 2013 ൽ സേവനത്തിൽ നിന്നും വിരമിച്ച തനിക്ക് 17.3.18 ൽ 1,79,887/- രൂപയുടെ ബാധ്യത സർട്ടിഫിക്കറ്റ് ഇടുക്കി പഞ്ചായത്ത്ഡെപ്യൂട്ടി ഡയറക്ടർ നൽകി. Pay revision arrear ആയി ബന്ധപ്പെട്ട അധിക തുക വിവിധ ഓഫീസുകളിൽ ജോലിനോക്കിയിരുന്ന കാലയളവിൽ വാങ്ങിയതു തിരിച്ചടക്കണമെന്നുകാണിച്ചാണ് ഈ തുകക്കുള്ള ബാധ്യതാസർടിഫിക്കറ്റ് നൽകിയിരിക്കുന്നത്. 1987മുതൽ 2018 വരെയുള്ള കാലയളവിൽ അധിക തുക വാങ്ങിയത് സംബന്ധിച്ച യാതൊരു വിധ മുന്നറിയിപ്പുകളോ നോട്ടീസോ ലഭിച്ചിരുന്നില്ല. ക്ലാസ് 3, 4 വിഭാഗങ്ങളിൽ നിന്നും ശമ്പള പരിഷ്കരണം, മുതലായ കാരണങ്ങളാൽ നൽകുന്ന അധിക ശമ്പളവും ആനുകൂല്യങ്ങളും തിരിച്ചു പിടിക്കാൻ വ്യവസ്ഥയില്ലായെന്നു വിധി നിലവിലുള്ളതാണ്.

iii) മടവൂർ പഞ്ചായത്തിൽ ജോലിനോക്കിവരവേ ബാധ്യതയായി 2,96,588/-രൂപ നിശ്ചയിച്ചത് സംബന്ധിച്ച് അറിയിപ്പ് നേരത്തെ ലഭിച്ചിട്ടില്ല. അതിനാൽ അത് DCRG യിൽ നിന്നും പിടിക്കുന്നതിനു നടപടി സ്വീകരിക്കരുത്.

iv) 50,756/-രൂപ സർചാർജ് പുറപ്പെടുവിച്ചത് വ്യവസ്ഥകൾക്കെതിരാണ്. പഞ്ചായത്തി രാജ് ആക്റ്റിലെ ചട്ടം 251 (9)പ്രകാരം തുക വിനിയോഗിച്ച 4 വർഷങ്ങൾക്കുശേഷം സർചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കാൻ വ്യവസ്ഥയില്ലായെന്നു കണ്ട് ബഹു. കെ.എ.ടി OA(EKM)939/2015 നമ്പർ കേസിൽ

വിധിച്ചിട്ടുള്ളതാണ്.

4. അതിനാൽ ബാധ്യതരഹിതപത്രം നൽകുന്നതിനും, ഡി.സി.ആർ.ജി പലിശ സഹിതം നൽകുന്നതിനും ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദേശം നൽകണമെന്ന ആവശ്യമാണ് അനെക്സർ എ 10 നിവേദനത്തിൽ ആവശ്യപ്പെട്ടിട്ടുള്ളത്.

5. തുടർന്ന് ഇക്കാര്യത്തിൽ ബഹു. കേരള അഡ്മിനിസ്റ്റേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (4 പ്രകാരമുള്ള വിധിന്യായം സർക്കാരിൽ ലഭ്യമായിട്ടുള്ളതുമാണ്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിലും നേരിൽ കേട്ടപ്പോൾ സമർപ്പിച്ച വസ്തുതകളുടെ അടിസ്ഥാനത്തിലും സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, Pay revision arrears ആയി ബന്ധപ്പെട്ട് അധിക തുക വിവിധ ഓഫീസുകളിൽ ജോലിനോക്കിയിരുന്ന കാലയളവിൽ തെറ്റായി/അധികമായി പരിഷ്കരണം നടത്തിയത് തിരിച്ചുപിടിക്കുന്നതിന് ശ്രീ.എ.നാസറുദ്ദീൻ സമ്മതപത്രം നൽകിയിട്ടുണ്ടെങ്കിൽ ബാധ്യത ഡിസിആർജിയിൽ നിന്നും ഈടാക്കി ബാക്കി തുക നൽകാനും സമ്മതപത്രം നൽകിയിട്ടില്ലായെങ്കിൽ മുഴുവൻ ഡിസിആർജി തുകയും മറ്റ് പെൻഷൻ ആനുകൂല്യങ്ങളും ടിയാന് വിട്ടു നൽകാനും Pay revision arrears ആയി ബന്ധപ്പെട്ട് നൽകിയതിൽ അധിക തുക എന്തെങ്കിലും ഉണ്ടെങ്കിൽ റവന്യൂ റിക്കവറി/സിവിൽ സ്യൂട്ടിലൂടെ ഈടാക്കുവാനും ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ബാധ്യതയായി നിശ്ചയിച്ച തുക തിരികെ നൽകുവാനും പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ബഹു. ട്രിബ്യൂണൽ നിർദ്ദേശിച്ച സമയ പരിധി പാലിച്ച് തുടർ നടപടി സ്വീകരിച്ച് വിവരം സർക്കാരിന് അറിയിക്കേണ്ടതാണ്.

6. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (2) - ലെ വിധിന്യായം ഇപ്രകാരം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

1. ശ്രീ.എ.നാസറുദ്ദീൻ, ഗ്രാമ പഞ്ചായത്ത് സെക്രട്ടറി (റിട്ട.), ബേബി കോട്ടേജ്, അയിരൂർ പി.ഒ., വർക്കല, തിരുവനന്തപുരം
2. അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്),കേരളം, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം . (സൂചന -4 ലെ വിധിന്യായത്തിന്റെ പകർപ്പ് സഹിത അടിയന്തിര നടപടിയ്ക്കായി)
5. ഡയറക്ടർ,ഐ.കെ.എം., തിരുവനതപുരം
6. ധനകാര്യ വകുപ്പ് (DEV - 1/93/2019 - FIN നമ്പർ അഭിപ്രായ പ്രകാരം)
7. വിവര പൊതുജന സമ്പർക്ക ( വെബ്&ന്യൂ മീഡിയ ) വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി

Signature Valid

ഉത്തരവിൻ പ്രകാരം

Digitally signed by SUDHEER S S
Date: 2021.01.07 14:07:52 IST
Reason: Approved

സെക്ഷൻ ഓഫീസർ